**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1409** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകത്തിന്റെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകത്തിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അത് പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിന് 15.09.2021-ലെ സ.ഉ.(സാധാ) നം. 335/2021/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 26.04.2025-ലെ സ.ഉ.(സാധാ) നം. 223/2026/സാം.കാ.വ. പ്രകാരം അനുമതി പുതുക്കി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണച്ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കും മേൽനോട്ടച്ചുമതല കേരള ഫോക്‌ലോർ അക്കാദമിക്കുമാണ്. നിയമസഭ ഇലക്ഷൻ പെരുമാറ്റ ചട്ടം കഴിഞ്ഞ ശേഷം 08.05.2026-ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് വർക്ക് ഓർഡർ നൽകുകയും 11.06.2026-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി നഗരസഭയിൽ നിന്ന് കെട്ടിടനിർമ്മാണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം നിലവിൽ നിശ്ചയിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**